# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധന സമയത്തെ ആനുകൂല്യങ്ങളും അപകടനഷ്ടപരിഹാരവും</u>

6327 ശ്രീ. സി. എഫ്. തോമസ്
'' മോൻസ് ജോസഫ്
'' തോമസ് ഉണ്ണിയാടൻ
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൂടുതൽ റേഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(ബി) പ്രസ്തുത കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അപകടങ്ങളിൽപ്പെട്ട് വള്ളവും, വലയും നഷ്ടപ്പെടുന്നത് നിത്യസംഭവമാകയാൽ ഇത്തരത്തിലുള്ളവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

**സമുദ്ര വിഭവ കയറ്റുമതിയിൽ പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ പങ്കാളിത്തം**

6328 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർമാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമുദ്രവിഭവങ്ങളുടെ കയറ്റുമതിയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതി നുളള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) മത്സ്യവിഭവ കയറ്റുമതിയുടെ കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിൽ നിൽക്കുമ്പോൾ പരമ്പരാഗത മേഖലയ്ക്ക് അതിന്റെ പങ്കാളിത്തം ലഭിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പരമ്പരാഗത മേഖല ശേഖരിക്കുന്ന വിഭവങ്ങൾ സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി കയറ്റുമതി രംഗത്ത് പങ്കാളിത്തം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ തൊഴിൽ വൈവിധ്യവത്ക്കരണം

6329 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ
,, കെ. എൻ. എ. ഖാദർ
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ തൊഴിൽ വൈവിധ്യവത്ക്കരണത്തിന് എന്തെങ്കിലും മത്സ്യഫെഡ് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ സവിശേഷതകൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദ വിവരം നൽകാമോ; ഇതുവഴി മത്സ്യത്തൊഴിലാളി മേഖലയിൽ ഉണ്ടാക്കാനായ നേട്ടം വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം

6330 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പുതുതായി ആരംഭിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠന വിധേയമാക്കി സമർപ്പിച്ചിട്ടുള്ള വിവിധ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സമഗ്ര മത്സ്യവിത്തു നിയമം</u>

6331 ശ്രീ. ഷാഫി പറമ്പിൽ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യവിത്തിന്റെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഒരു സമഗ്ര മത്സ്യവിത്തു നിയമം ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>'തീരമൈത്രി' പദ്ധതി</u>

6332 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'തീരമൈത്രി' എന്ന പേരിൽ പുതിയ ഒരു പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുവാൻ ഫിഷറീസ് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) തീരമൈത്രി പദ്ധതി മത്സ്യമേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഏത് തരത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മാർഗ്ഗങ്ങൾ മെച്ചപ്പെടു ത്തുന്ന നടപടികൾ കൂടി പദ്ധതിയുടെ ഭാഗമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മത്സ്യകൃഷി വികസന പദ്ധതി

6333 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുളളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൽസ്യകൃഷി വികസനത്തിന് പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് മൽസ്യം വളർത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തെ ഡാമുകളിൽ മൽസ്യകൃഷി ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

### സുസ്ഥിര മത്സ്യകൃഷി വികസനം

6334 ശ്രീ. വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര മത്സ്യകൃഷി വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(സി) എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും വായ്പയും ലഭ്യമാക്കുന്നതിനുള്ള പദ്ധതി

6335 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും ആവശ്യമായ വായ്പയും ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയുടെ കീഴിലാണ് പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നത്;

(ബി) നിർധനരായ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തുക പ്രസ്തുത ഏജൻസി വഴി വായ്പയായി നൽകുന്നതിനെ കുറിച്ച് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മത്സ്യഫെഡ് എൻ. സി. ഡി. സി. സഹായത്തോടെ മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മൽസ്യത്തൊഴിലാളി വനിതകൾക്കുള്ള പലിശരഹിത വായ്പ

6336 ശ്രീ. ആർ. സെൽവരാജ്
,, എ. പി. അബ്ദുളളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ വിതരണം ചെയ്യുന്നതിന് മത്സ്യഫെഡ് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വായ്പ മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഘട്ടങ്ങളിലായിട്ടാണ് പലിശരഹിത വായ്പ ഇപ്പോൾ വിതരണം ചെയ്തു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുളള മാനദണ്ഡം വെളിപ്പടുത്തുമോ;

(ഡി) പ്രസ്തുത സംരംഭത്തിന് ആവശ്യമായ ധനം മൽസ്യഫെഡ് എങ്ങനെയാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പൂവ്വാർ-പൊഴിക്കരയിലെ കപ്പൽ നിർമ്മാണശാല</u>

6337 ശ്രീ. കെ.മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പൂവ്വാർ പൊഴിക്കരയിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവിട കപ്പൽ നിർമ്മാണ ശാല സ്ഥാപിക്കുന്നതിനായി നിലവിലുള്ള അനുകൂല ഘടകങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതി കേരളത്തിന് നഷ്ടപ്പെടാതിരിക്കാനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികള്‍ക്ക് പഞ്ഞമാസങ്ങളില്‍ നല്‍കുന്ന ആനുകൂല്യങ്ങള്‍</u>

6338 ശ്രീ. വി. എസ്. സുനില്‍കുമാര്‍
'' കെ. അജിത്
'' പി. തിലോത്തമന്‍
'' ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലത്ത് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനായി സഹായം നല്‍കുന്ന പദ്ധതികള്‍ നിലവിലുണ്ടോ ; എങ്കില്‍ നിലവിലുള്ള പദ്ധതികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പഞ്ഞമാസങ്ങളില്‍ മത്സ്യത്തൊഴിലാളികള്‍ക്ക് നല്‍കുന്ന ആനുകൂല്യങ്ങള്‍ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങള്‍ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മത്സ്യബന്ധന തുറമുഖ നിർമ്മാണം</u>

6339 ശ്രീ. ഹൈബി ഈഡൻ
'' പാലോട് രവി
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചി
ട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ ഏതെല്ലാമാണ് ; ഇവയ്ക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) മത്സ്യബന്ധനവും മത്സ്യക്കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായും പ്രസ്തുത തുറമുഖങ്ങളുടെ ആധുനികത അനിവാര്യമായതിനാലും നിർമ്മാണത്തിലിരിക്കുന്ന തുറമുഖങ്ങളുടെ ആധുനികവത്ക്കരണം വേഗത്തിൽപൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>റിംഗ് സീൻ വലകളുടെ നിരോധനം</u>

6340 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
ശ്രീമതി. ഇ.എസ്.ബിജിമോൾ
ശ്രീ. വി.എസ്.സുനിൽകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റിംഗ് സീൻ വലകൾ പൂർണ്ണമായും നിരോധിക്കണമെന്ന ആവശ്യത്തിൻമേൽ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോയെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മത്സ്യസമൃദ്ധി പദ്ധതി

6341 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റുകളും സഹായങ്ങളും എന്തെല്ലാം ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഉൾനാടൻ ജലാശയങ്ങളുടെ സർവ്വെ നടപടികൾ ഏത് ഘട്ടം വരെയായി എന്നത് വിശദമാക്കാമോ ;

(ഡി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലെ ജലാശയങ്ങളിലാണ് ഇപ്പോൾ സർവ്വേ/പഠനം നടത്തിയിട്ടുള്ളത് എന്നത് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്തെ ക്ഷേത്ര കുളങ്ങളിലും മുസ്ലീം പള്ളി കുളങ്ങളിലും ഇത് നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മത്സ്യക്ഷാമത്തിന് പരിഹാരം</u>

6342 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കടലില്‍ മത്സ്യസമ്പത്തിന്റെ ദൗര്‍ലഭ്യം അനുഭവപ്പെടുന്നതിന്റെ കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) മല്‍സ്യ ദൗര്‍ലഭ്യം പരിഹരിക്കാന്‍ മല്‍സ്യകുഞ്ഞുങ്ങളെ ഹാച്ചറിയില്‍ ഉല്‍പ്പാദിപ്പിച്ച് കടലില്‍ നിക്ഷേപിക്കുന്നതിന് ആവശ്യമായ സത്വര നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മത്സ്യഫെഡ് മുഖേന മത്സ്യവില നിയന്ത്രണം</u>

6343

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് മാതൃകയിൽ മത്സ്യവില നിയന്ത്രണത്തിനായി മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ നിയന്ത്രിത വിലയ്ക്ക് മത്സ്യം ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഈ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധന കേന്ദ്രങ്ങളല്ലാതെയുള്ള സ്ഥലങ്ങളിലേക്ക് ഇതിനായി പ്രത്യേക കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം മേഖലകളെ ബന്ധപ്പെടുത്തി സഞ്ചരിക്കുന്ന മത്സ്യവിപണനശാലകൾ ക്രമീകരിച്ച് വില നിയന്ത്രിക്കുന്നതിനുള്ള നടപടി മത്സ്യഫെഡ് മുഖേന സ്വീകരിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത

6344

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ കടബാധ്യത എത്രയാണെന്ന് സംസ്ഥാന മത്സ്യവകുപ്പ് പഠനം നടത്തി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കോടി രൂപ മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ നടപടികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിന് സ്വീകരിച്ച നടപടിക്രമം എന്തായിരുന്നു; എത്ര മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകിയെന്നും എത്ര രൂപയുടെ ആധാരങ്ങൾ തിരിച്ചു നലകിയെന്നും വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം എന്ന് അവസാനിപ്പിക്കാമെന്നാണ് സർക്കാർ കരുതുന്നത്?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>തലശ്ശേരി നിയോജകമണ്ഡലത്തിൽ മാതൃകാ മത്സ്യഗ്രാമം പദ്ധതി</u>

6345 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതിനകം എത്ര മാതൃകാ മത്സ്യഗ്രാമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) ഇത് ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(സി) മാതൃകാ മത്സ്യഗ്രാമത്തിന്റെ ഘടനയും ഉള്ളടക്കവും വിശദീകരിക്കാമോ;

(ഡി) തലശ്ശേരി നിയോജക മണ്ഡലത്തിലെ ഗോപാലപ്പേട്ടയിൽ മാതൃകാ മത്സ്യഗ്രാമം പദ്ധതി ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എഫ്) മാതൃകാ മത്സ്യഗ്രാമം പദ്ധതിക്കായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികള്‍ക്ക് സമാശ്വാസ പദ്ധതി</u>

6346 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികള്‍ക്ക് സഹായം നല്‍കുന്ന സമാശ്വാസപദ്ധതി നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) മേല്‍ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം 2012 ഏപ്രില്‍, മെയ്, ജൂണ്‍ മാസങ്ങളില്‍ മത്സ്യത്തൊഴിലാളികള്‍ക്ക് നല്‍കേണ്ട തുക നല്‍കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ;

(ഡി) കാസര്‍ഗോഡ് ജില്ലയില്‍ പ്രസ്തുത പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളില്‍ നിന്ന് എത്ര തുക സമാഹരിച്ചിട്ടുണ്ട്; ഇതുപ്രകാരം എത്ര പേര്‍ക്കാണ് തുക നല്‍കേണ്ടതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവര്‍ത്തനം</u>

6347 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനില്‍ ഇപ്പോള്‍ എത്ര അംഗങ്ങളാണ് ഉള്ളത് ; ഇവര്‍ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷന്‍ മുന്‍ വര്‍ഷവും നടപ്പു വര്‍ഷവും എത്ര കേസുകളാണ് തീര്‍പ്പാക്കിയത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) നിലവില്‍ തീര്‍പ്പാക്കാതെ കമ്മീഷനില്‍ കെട്ടിക്കിടക്കുന്ന കേസുകള്‍ എത്രയാണ് ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം</u>

6348 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് കേന്ദ്രസർക്കാർ പ്രതിവർഷം എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് അനുവദിക്കുന്നത് ; ഇതിൽ പൊതുവിതരണ ശൃംഖലവഴി മത്സ്യമേഖലയ്ക്ക് അനുവദിക്കുന്നത് എത്ര കിലോ ലിറ്ററാണ്;

(ബി) മത്സ്യമേഖലയിൽ ഒരു വർഷം എത്ര കിലോലിറ്റർ മണ്ണെണ്ണ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്;

(സി) തമിഴ്നാട് സർക്കാർ ചെയ്യുന്നത് പോലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും മണ്ണെണ്ണ വാങ്ങി സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് ആവശ്യമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത് ഉടൻ അനുദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ചാത്തന്നൂർ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്ത് ചിറയിൽ
'കാർപ്പ് സീഡ് പ്രൊഡക്ഷൻ സെന്റർ'

6349 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആദിച്ചനെല്ലൂർ ഗ്രാമ പഞ്ചായത്ത് ചിറയിൽ 'കാർപ്പ് സീഡ് പ്രൊഡക്ഷൻ സെന്റർ' സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) അടിയന്തിരമായി കോടതി നടപടികൾ അവസാനിപ്പിച്ച് സ്ഥാപനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ ശ്രദ്ധിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

വടകരയിലെ മത്സ്യത്തൊഴിലാളികൾക്ക് സഹായം

6350 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് മേഖലയിലുളള ആശുപത്രികൾക്ക് പ്രത്യേകമായി ഫിഷറീസ് വകുപ്പ് എന്തെങ്കിലും സഹായങ്ങൾ നല്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വടകരയിലെ തീരപ്രദേശങ്ങളിലുളള മത്സ്യത്തൊഴിലാളികൾക്ക് ഈ മേഖലയിലെ ആശുപത്രികൾ വഴി സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

ചേർത്തലയിലെ സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ

6351 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചേർത്തല അന്ധകാരനഴി ബീച്ചിൽ നടത്തിയ മോടിപിടിപ്പിക്കൽ പ്രവർത്തനങ്ങളോടൊപ്പം അന്ധകാരനഴിയിൽ നിർമ്മിച്ചിട്ടുള്ള മത്സ്യലേലഹാൾ അടക്കമുള്ള കെട്ടിടങ്ങൾ ഉപയോഗിക്കാതെ കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ സാമൂഹ്യവിരുദ്ധർ ദുരുപയോഗം ചെയ്യുന്നതു തടയുന്നതിനും ലേലഹാളും മറ്റു കെട്ടിടങ്ങളും തീരദേശവാസികൾക്കും, മത്സ്യത്തൊഴിലാളികൾക്കും, സന്ദർ ശകർക്കും പ്രയോജനപ്പെടുത്താവുന്ന വിധം ക്രമീകരിക്കുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) അന്ധകാരനഴി ബീച്ചിൽ സന്ദർശകരുടെയും മത്സ്യവിപണനത്തിനെത്തുന്നവരുടെയും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ

## 11.07.2012-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധനത്തെ തുടർന്ന് ചേർത്തല താലൂക്കിലെ മത്സ്യതൊഴിലാളികൾക്കുള്ള സൗജന്യ റേഷനും മറ്റ് സഹായങ്ങളും</u>

6352 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനത്തെ തുടർന്ന് ജോലിയില്ലാതായ മത്സ്യതൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകാൻ നടപടി എടുത്തിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) ട്രോളിംഗ് നിരോധനത്തെ തുടർന്ന് ചേർത്തല താലൂക്കിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യറേഷനും മറ്റ് സഹായങ്ങളും നൽകിയെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ?

# കേരള നിയമസഭ

## 11.07.2012-ലെ മറുപടിക്ക്

മത്സ്യബന്ധനമേഖലയിൽ അനധികൃത ചൈനീസ് നിർമ്മിത എഞ്ചിൻ

6353 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വളരെ ഉയർന്ന കുതിര ശക്തിയുള്ള ചൈനീസ് നിർമ്മിത എഞ്ചിനുകൾ മത്സ്യബന്ധന മേഖലയിൽ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

മത്സ്യഫെഡിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

6354

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് മാനേജ്മെന്റ് ജീവനക്കാരുടെ സംഘടനകളുമായി 21.05.2012 ൽ നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ചർച്ചയിലെ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യഫെഡിൽ നിന്നും എത്ര ജീവനക്കാരെ പിരിച്ചുവിട്ടുവെന്നും അതിൽ എത്ര പേർക്ക് കരാർ പുതുക്കി നൽകി ജോലിയിൽ പ്രവേശിപ്പിച്ചുവെന്നും എത്ര പേരുടെ കരാർ പുതുക്കി നൽകിയില്ല എന്നും വ്യക്തമാക്കുമോ;

(ഡി) കരാർ പുതുക്കി നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) കരാർ പുതുക്കി നൽകാത്ത ജീവനക്കാർ എത്ര വർഷമായി മത്സ്യഫെഡിൽ ജോലി നോക്കുന്നു; കരാർ പുതുക്കി നൽകാത്തതിനു കാരണം വ്യക്തമാക്കുമോ;

(എഫ്) മത്സ്യഫെഡ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം, ഗ്രേഡ് പ്രൊമോഷൻ എന്നിവ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥ സംവിധാനം

6355

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുള്ള ബൃഹത് പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം പര്യാപ്തമാണോ. പുതിയ പദ്ധതി നടത്തിപ്പിനായി പുതിയ സ്ഥിരം തസ്തിക സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഫിഷറീസ് വകുപ്പിൽ റിസർച്ച് അസിസ്റ്റന്റ്, റിസർച്ച് ഓഫീസർ എന്നീ തസ്തികകൾ 10 വർഷത്തിന് മുമ്പ് എത്രയെണ്ണം ഉണ്ടായിരുന്നു; നിലവിൽ എത്ര എണ്ണമുണ്ട്; പ്രസ്തുത തസ്തികകൾ പുനസ്ഥാപിച്ച് വകുപ്പിലെ സാങ്കേതിക വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മത്സ്യഫെഡ് ജീവനക്കാരുടെ സസ്പെൻഷൻ

6356 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മത്സ്യഫെഡിന്റെ കീഴിലുള്ള ഡീസൽ ബങ്കുകളിലെ ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) മത്സ്യഫെഡ് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തതെന്നും സസ്പെൻഷനിലായ ജീവനക്കാർക്ക് ചാർജ് മെമ്മോ നൽകിയോയെന്നും ഇതിനുള്ള കാലതാമസത്തിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(സി) ഓയിൽ കമ്പനി ഉദ്യോഗസ്ഥരുടേയും, മത്സ്യഫെഡ് ഉദ്യോഗസ്ഥരുടേയും റിപ്പോർട്ട് ഇക്കാര്യത്തിൽ പരിഗണിച്ചിരുന്നുവോ; സസ്പെൻഡ് ചെയ്യുന്നതിനു മുൻപ് ജീവനക്കാരിൽ നിന്നും വിശദീകരണം തേടയിരുന്നുവോയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പൊഴിയൂർ തീരപ്രദേശത്തെ കുടുംബങ്ങൾ</u>

6357 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂരിലെ തീരപ്രദേശത്ത് എത്ര; മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് താമസിക്കുന്നത്;

(ബി) ഇവിടെ ടോയ്ലറ്റ് സൗകര്യം ഇല്ലാത്ത വീടുകൾ എത്രയാണ്;

(സി) ഇത്തരം വീടുകൾക്ക് ടോയ്ലറ്റുകൾ നിർമ്മിച്ചു നൽകാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റി

6358 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റിക്ക് ആവശ്യമായ സ്ഥലസൗകര്യങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) യൂണിവേഴ്സിറ്റിയുടെ അക്കാദമിക്ക് നിലവാരം ഉയർത്തുന്നതിനും പുതിയ കോഴ്സുകളും ഗവേഷണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>തീരദേശ റോഡുകളുടെ വികസനത്തിന് പദ്ധതി</u>

6359

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സമയബന്ധിതമായി വികസന നടപടികൾ പൂർത്തിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പരിസ്ഥിതി മലിനീകരണം</u>

6360 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക മലിനീകരണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം സമീപകാല പഠനങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിസ്ഥിതി മലിനീകരണം കടലിന്റെ ആവാസ വ്യവസ്ഥ തകർക്കുന്നതും മത്സ്യങ്ങൾ ഉൾപ്പെടെ പല കടൽ ജീവികളുടെയും വംശനാശത്തിന് കാരണമാകുന്നതുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കടൽ തീരങ്ങളിൽ ഇതു സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തി നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ഇൻലാൻഡ് വാട്ടർ ലീസിംഗ് പോളിസി

6361 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലകൃഷിയുടെ വികസനത്തിന് പൊതു ജലാശയങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഉൾനാടൻ വാട്ടർ ലീസിംഗ് പോളിസി രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച നയ രൂപീകരണ ശ്രമങ്ങളിൽ ഈ സർക്കാർ വന്നതിന് ശേഷം തുടർനടപടികൾ എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ഫിഷറീസ്/അഡാക്ക് വകുപ്പുകളുടെ കീഴിൽ</u>
<u>കുട്ടനാട്ടിലെ വികസന പ്രവർത്തനങ്ങൾ</u>

6362

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ്/അഡാക്ക് വകുപ്പുകളുടെ കീഴിൽ കുട്ടനാട്ടിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കാസർകോട് ഫിഷിംഗ് ഹാർബർ</u>

6363 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർകോട് ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് അനുവദിക്കപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

## കൊല്ലം ജില്ലയിലെ ഫിഷറീസ് റോഡ് നിർമ്മാണത്തിന് ഭരണാനുമതി

6364 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ കൊല്ലം ജില്ലയിൽ ഫിഷറീസ് റോഡ് നിർമ്മാണത്തിലേക്കായി ഭരണാനുമതി നൽകിയിരുന്നുവോ.; എങ്കിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയെന്ന് തുക ഉൾപ്പെടെ അറിയിക്കുമോ ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളും ഉൾനാടൻ മത്സ്യബന്ധന കുടുംബങ്ങളും ഏറെ താമസിക്കുന്ന ചാത്തന്നൂർ മണ്ഡലത്തിലെ പരവൂരും സമീപ പ്രദേശങ്ങളിലെയും റോഡുകൾ കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ച് നിവേദനം ലഭിച്ചിരുന്നുവോ;

(സി) എങ്കിൽ പ്രസ്തുത റോഡുകൾക്ക് കൂടി ഭരണാനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>മണലൂർ വാടാനപ്പളളിയിലെ തീരദേശ റോഡുകളുടെ നിർമ്മാണം</u>

6365 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മണലൂർ നിയോജകമണ്ഡലത്തിലെ തീരദേശ മേഖലയായ വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശ റോഡുകളുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതു സംബന്ധിച്ച് നിയമസഭാംഗം നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് റോഡുകൾ</u>

6366 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് റോഡുകളുണ്ടോ; എങ്കിൽ പ്രസ്തുത റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഫിഷറീസ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ ചെലവഴിച്ച തുകയെത്രയാണ്; ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ചിറയിൻകീഴ് - തീരദേശ റോഡ് പദ്ധതി</u>

6367 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് തീരദേശ റോഡ് പദ്ധതി പ്രകാരം ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദീകരിക്കാമോ;

(ബി) 2006-2011-ൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് സമർപ്പിച്ച ലിസ്റ്റിലെ റോഡുകളിൽ തിരുവനന്തപുരം ജില്ലയിൽ അനുമതി ലഭിച്ചവ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ചിറയിൻകീഴ് മണ്ഡലത്തെ തീരദേശറോഡ് പദ്ധതിയിൽപ്പെടുത്തി റോഡ് പണിയാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

**കേരള നിയമസഭ**

**11.07.2012-ലെ മറുപടിക്ക്**

<u>തുറമുഖവകുപ്പിന് കീഴിൽ റോഡ് നിർമ്മാണവും നവീകരണവും</u>

6368 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യബന്ധനവും തുറമുഖവും വകുപ്പിന്റെ കീഴിൽ എത്ര തുകയുടെ റോഡ് നിർമ്മാണവും നവീകരണവും നടത്തിയിട്ടുണ്ട് എന്നറിയിക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി ഫിഷറീസ് ആശുപത്രി നിര്‍മ്മാണം</u>

6369 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തോട്ടപ്പള്ളി ഫിഷറീസ് ആശുപത്രിയുടെ കെട്ടിട നിര്‍മ്മാണം നിലച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ പണി പൂര്‍ത്തീകരിക്കുവാന്‍ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ആശുപത്രി നിര്‍മ്മാണം തടസ്സപ്പെടാന്‍ കാരണമെന്താണെന്നും എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും ഏത് ഫണ്ട് ഉപയോഗിച്ചാണ് ആശുപത്രി കെട്ടിടം നിര്‍മ്മിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഏത് ഏജന്‍സിയാണ് കരാര്‍ ഏറ്റെടുത്തിട്ടുള്ളത്; കരാര്‍ പ്രകാരം നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ എന്നാണ് പൂര്‍ത്തിയാക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നടത്തിപ്പ്</u>

6370

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നടത്തിപ്പിന് ടെൻഡർ മുഖേന യോഗ്യത നേടിയ വെൽസ്പൺ കമ്പനിയുമായി നടത്തിയ ചർച്ചകൾ പൂർത്തിയായോ;

(ബി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മലപ്പുറം പുളിക്കൽ പഞ്ചായത്തിൽ പാറ പൊട്ടിക്കുന്നതിന് അനുമതി</u>

6371 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ പുളിക്കൽ പഞ്ചായത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി കരിങ്കല്ലുകൾ എടുക്കുന്നതിന് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലം ഇതിനായി ഏറ്റെടുത്തുവെന്നും ഇതിൽ നിന്നും പൊട്ടിച്ചെടുത്ത പാറയുടെ അളവ് വ്യക്തമാക്കുമോ; ഇപ്പോൾ ഇവിടെ പാറ പൊട്ടിക്കൽ പ്രവൃത്തി നടക്കുന്നുണ്ടോ;

(സി) ഇവിടെ നിന്നും പാറ പൊട്ടിക്കുന്നതിനുള്ള അനുമതിക്കായി സ്വകാര്യ വ്യക്തികളോ ഗ്രൂപ്പുകളോ തുറമുഖ വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥലത്ത് പാറ പൊട്ടിക്കുന്നതിനുള്ള അനുമതിയ്ക്കായി പുളിക്കൽ പഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മത്സ്യഗ്രാമം പദ്ധതി</u>

6372

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതിയുടെ വിശദാംശങ്ങളും പുരോഗതിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി പ്രദേശങ്ങളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്തെന്നും ഇതിനായി കോട്ടയം ജില്ലയിൽ നിന്നും ഏതെല്ലാം പ്രദേശങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുളളതെന്നും വ്യക്തമാക്കുമോ;

(സി ഈ പദ്ധതിയുടെ ധനവിനിയോഗത്തെക്കുറിച്ചുളള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>തുറമുഖ ലൈറ്റ് ഹൗസുകൾ</u>

6373 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം തീരദേശ പ്രദേശങ്ങളിൽ ലൈറ്റ് ഹൗസുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള ലൈറ്റ് ഹൗസുകളുടെ സുരക്ഷാസംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവള ഓഹരി മൂലധനം</u>

6374

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനു വേണ്ടി രൂപീകരിക്കപ്പെട്ട കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിയ്ക്ക് നേരിട്ട് ഓഹരി വിപണിയിൽ പ്രവേശിക്കുവാൻ എന്ത് സാങ്കേതിക തടസ്സമാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ഓഹരികൾ കമ്പനി നേരിട്ട് പബ്ലിക് ഇഷ്യൂ നടത്തുവാൻ പാടില്ല എന്നു നിർദ്ദേശിക്കുന്ന ഏതെങ്കിലും കോടതിവിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിധിപ്പകർപ്പ് ലഭ്യമാക്കുമോ;

(സി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന് ഓഹരി മൂലധനം സ്വരൂപീക്കുന്നതിലേയ്ക്കായി വേറെ ഏതെങ്കിലും കമ്പനിയോ സൊസൈറ്റിയോ രൂപീകരിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കമ്പനിയെക്കുറിച്ചു വിശദമാക്കുവാനും അതിന്റെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുവാനും തയ്യാറാകുമോ;

(ഇ) പ്രസ്തുത കമ്പനിയുടെ/സൊസൈറ്റിയുടെ ബൈലോ പ്രകാരം ലാഭവിഹിത വിഭജനം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം പബ്ലിക് ഇഷ്യൂവിലൂടെ മൂലധനം സ്വരൂപിക്കുന്ന ഒരു കമ്പനി ലാഭവിഭജനം നടത്തുന്നതും ഇപ്പോൾ ഓഹരിമൂലധനം സ്വരൂപിക്കുവാൻ വേണ്ടി രൂപീകരിച്ചിട്ടുള്ള സൊസൈറ്റിയുടെ ലാഭവിഹിത വിഭജനരീതിയും തമ്മിലുള്ള വ്യത്യാസമെന്തന്നെ് വ്യക്തമാക്കുമോ;

(ജി) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ പ്രമോട്ടർമാർ ആരെല്ലാമെന്നും ചീഫ് പ്രമോട്ടർ ആരെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കണ്ണൂര്‍ വിമാനത്താവള നിര്‍മ്മാണ പങ്കാളികള്‍</u>

6375 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിര്‍ദ്ദിഷ്ട കണ്ണൂര്‍ വിമാനത്താവളം കണ്ണൂര്‍ ഇന്റര്‍നാഷണല്‍ എയര്‍പോര്‍ട്ട് ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയില്‍ പൊതുമേഖലയില്‍ സ്ഥാപിക്കുവാനാണോ, പങ്കാളിത്ത പദ്ധതി പ്രകാരമാണോ നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പങ്കാളിത്ത പ്രകാരമാണ് നടപ്പിലാക്കുന്നതെങ്കില്‍ നിശ്ചയിക്കപ്പെട്ടിരിക്കുന്ന പങ്കാളിത്ത പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) പങ്കാളിത്ത പദ്ധതിയില്‍ അംഗമാകുവാന്‍ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് സര്‍ക്കാരിനെ സമീപിച്ച ഏജന്‍സികള്‍ ഏതെല്ലാമാണ്;

(ഡി) കണ്ണൂര്‍ ഇന്റര്‍നാഷണല്‍ എയര്‍പോര്‍ട്ട് ലിമിറ്റഡിന്റെ പങ്കാളികളാകുവാന്‍ ആരെയെല്ലാമാണ് ഇപ്പോള്‍ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>വ്യാജമദ്യം തടയുന്നതിന് നടപടി</u>

6376 ശ്രീ. കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറുമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ മദ്യം തടയുവാൻ കഴിഞ്ഞു എന്നത് കെ. എസ്. ബി. സി. മുഖേനയുള്ള മദ്യവിൽപ്പന ഉയരുന്നതിന് കാരണമായിട്ടുണ്ടോ; ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വ്യാജമദ്യ വിൽപ്പന നടക്കുന്ന പ്രദേശങ്ങളിൽ കെ. എസ്. ബി. സി. വിൽപ്പനശാലകൾ മുഖേനയുള്ള മദ്യവിതരണം കുറവാണെന്നുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് കെ. എസ്. ബി. സി. അധികൃതർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) ആരോഗ്യത്തിന് ഹാനികരമായ വ്യാജമദ്യം കർശനമായി തടയുന്നതിനും ഗുണനിലവാരമുള്ള മദ്യത്തിന്റെ വിൽപ്പന സാധ്യമാക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ മദ്യനയത്തിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) വ്യാജ മദ്യത്തിനെതിരായ പ്രവർത്തനങ്ങളിൽ എക്സൈസ് സേനയ്ക്കൊപ്പം കെ. എസ്. ബി. സി.യും പങ്കുചേർന്ന് വ്യാജമദ്യം പൂർണ്ണമായും തടയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 11.07.2012-ലെ മറുപടിക്ക്

എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച്

6377

ശ്രീ. എ. റ്റി. ജോർജ്
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എക്സൈസ് വകുപ്പിലെ കഴിവുള്ളവരും സത്യസന്ധരുമായ ഉദ്യോഗസ്ഥരെ ക്രൈംബ്രാഞ്ച് വിഭാഗത്തിലേക്ക് തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിലെ തെളിയിക്കപ്പെടാത്ത കേസുകൾ</u>

6378 ശ്രീ. വി.പി. സജീന്ദ്രൻ
'' കെ. അച്ചുതൻ
'' വി.റ്റി. ബൽറാം
'' എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ കഴിഞ്ഞ 5 വർഷകാലത്തെ തെളിയിക്ക പ്പെടാത്ത കേസുകൾ സംബന്ധിച്ച രേഖകൾ ലഭ്യമാണോ; എങ്കിൽ ഒരു ലക്ഷത്തിന് മേൽ മൂല്യമുള്ള തൊണ്ടി സാധനങ്ങൾ പിടിച്ചെടുത്ത എത്ര കേസ്സുകളുണ്ട്;

(ബി) എക്സൈസ് ഉദ്യോഗസ്ഥർക്ക് കേസ് അന്വേഷണത്തിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

(സി) എക്സൈസിന്റെ ക്രൈം ബ്രാഞ്ച് വിഭാഗം മേഖലാതലത്തിലും സംസ്ഥാന തലത്തിലും രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ബിവറേജസ് കോര്‍പ്പറേഷനിലെ കമ്പ്യൂട്ടര്‍വല്‍ക്കരണം</u>

6379 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, കെ. ശിവദാസന്‍ നായര്‍
,, റ്റി. എന്‍. പ്രതാപന്‍
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ബിവറേജസ് കോര്‍പ്പറേഷന്റെ കീഴിലുള്ള വെയര്‍ ഹൗസുകള്‍ കമ്പ്യൂട്ടര്‍വല്‍ക്കരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) കമ്പ്യൂട്ടര്‍വല്‍ക്കരണം കൊണ്ടുള്ള നേട്ടങ്ങള്‍ എന്തെല്ലാമാണെന്നും ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ഘട്ടം ഘട്ടമായിട്ടുള്ള മദ്യനിരോധനം

6380

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ മദ്യവില്പനശാലകളിലൂടെ മായമില്ലാത്ത മദ്യം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത സംവിധാനം കുറ്റമറ്റതാണോ; അല്ലെങ്കിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അവ കുറ്റമറ്റതാക്കുമോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>വ്യാജമദ്യ ഉൽപാദനവും ഉപഭോഗവും</u>

6381 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യാജമദ്യ ഉൽപാദനവും ഉപഭോഗവും നിർത്തലാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കള്ളുഷാപ്പുകൾക്ക് അനുമതി നൽകൽ – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം</u>

6382 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളുഷാപ്പുകൾക്ക് അനുമതി നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം കേരളത്തിലെ കള്ള്ചെത്ത് വ്യവസായമേഖലയ്ക്കും ആ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ബാറുകളും ബാർഹോട്ടലുകളും മറ്റ് മദ്യവില്പനശാലകളും സ്ഥാപിക്കുന്നതിനും ഉള്ളവ നിലനിറുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ടോ; ബാർ ഹോട്ടലുകൾ/കള്ള് ഷാപ്പുകൾ തുടങ്ങുന്നതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കള്ളുഷാപ്പുകൾക്ക് അംഗീകാരം</u>

6383 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കള്ളുഷാപ്പുകൾക്ക് അംഗീകാരം നൽകുവാനുള്ള അധികാരം ഇക്കൊല്ലംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പാൻമസാല കടകളിൽ റെയ്ഡ്</u>

6384

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻമസാല വിൽക്കുന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം എക്സൈസ് വിഭാഗത്തിനു നൽകിയിട്ടുണ്ടോ;

(ബി) പാൻമസാല വിൽക്കുന്ന കടകളിൽ റെയ്ഡ് നടത്തി അവ പിടിച്ചെടുക്കുന്നതിനും കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് വകുപ്പ് മുൻകൈ എടുക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>നിരോധിത പുകയില ഉല്പന്നങ്ങൾ</u>

6385 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻമസാല, ഗുഡ്ക എന്നിവയുടെ നിരോധനത്തെ തുടർന്ന് രഹസ്യ കേന്ദ്രങ്ങളിലേക്ക് മാറ്റപ്പെട്ട പുകയില ഉല്പന്നങ്ങൾ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) നിരോധിത പുകയില ഉല്പന്നങ്ങൾ പിടിച്ചെടുക്കുന്നതിനായി ഏതൊക്കെ വകുപ്പുകൾക്കാണ് നിലവിൽ അധികാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം ഈ രംഗത്ത് സാദ്ധ്യമാകുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) നിരോധനത്തെ തുടർന്ന് ഓരോ ജില്ലയിൽ നിന്നും പിടിച്ചെടുത്ത പുകയില ഉല്പന്നങ്ങളുടെ കണക്ക് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

വിദേശമദ്യഷാപ്പുകൾ

6386 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം അനുവദിച്ച വിദേശമദ്യഷാപ്പുകൾ ഏതൊക്കെയാണെന്നുള്ളതിന്റെ വിശദാംശങ്ങൾ
ലഭ്യമാക്കുമോ ?

# കേരള നിയമസഭ

## 11.07.2012-ലെ മറുപടിക്ക്

ജനറിക് മെഡിസിൻ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി

6387

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെത്തുന്ന എല്ലാ രോഗികൾക്കും സൗജന്യ ജനറിക് മെഡിസിൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുകയിൽ ഒരു ശതമാനം ബിവറേജസ് കോർപ്പറേഷൻ മുഖേന സസ് ഇനത്തിൽ വകയിരുത്താമെന്ന പ്രഖ്യാപനം എന്നു മുതലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻവർഷങ്ങളിലെ വില്പനയെ അടിസ്ഥാനപ്പെടുത്തി സെസ് ഇനത്തിൽ പ്രതിവർഷം എത്ര കോടി രൂപ സമാഹരിക്കാൻ സാധ്യമാകുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരു ശതമാനം സെസ് ഏർപ്പെടുത്തുന്നതിലൂടെ എന്തു തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത തുക പൂർണ്ണമായും സൗജന്യ മരുന്നു പദ്ധതിക്ക് കൈമാറുമോ;

(ഡി) ഒരു ശതമാനം സെസ് ഏർപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>യുണൈറ്റഡ് ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കാൻ കോടതി വിധി</u>

6388 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂരിൽ പ്രവർത്തിച്ചിരുന്ന യുണൈറ്റഡ് ഡിസ്റ്റിലറി പാലക്കാട് ജില്ലയിലെ മുതലമടയിലേക്ക് മാറ്റി സ്ഥാപിക്കാൻ കോടതിവിധിയുണ്ടായിട്ടുണ്ടോ;

(ബി) മുതലമടയിൽ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിനെതിരെ മുതലമട ഗ്രാമപഞ്ചായത്ത് പ്രമേയം പാസ്സാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡിസ്റ്റിലറി സ്ഥാപിക്കുന്നതിനെതിരെ മുതലമട നിവാസികൾ എക്സൈസ് കമ്മീഷണർക്ക് പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പഞ്ചായത്തിന്റെയും, നാട്ടുകാരുടെയും എതിർപ്പ് അവഗണിച്ച് ഡിസ്റ്റിലറി സ്ഥാപിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് മാറ്റി സ്ഥാപിക്കാൻ നടപടി

6389 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ പഴയ എൻ. എച്ച്.-ൽ പ്രവർത്തിച്ചിരുന്ന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് ഗവൺമെന്റ് വെൽഫയർ യു. പി. സ്കൂളിന് സമീപത്തേക്ക് മാറ്റി സ്ഥാപിച്ചതുമൂലം സ്കൂളിന്റെ പ്രവർത്തനം തടസ്സപ്പെട്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഔട്ട്ലെറ്റ് സ്കൂളിന് സമീപത്ത് നിന്ന് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി ടൗണിൽ ബാർ ഹോട്ടലിനുള്ള അനുമതി</u>

6390 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ടൗണിൽ ബാർ ഹോട്ടൽ തുടങ്ങുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ബാർ ലൈസൻസ് അടക്കമുള്ള സ്റ്റാർഹോട്ടൽ തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളതെന്നും പ്രസ്തുത നടപടികൾക്ക് തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണോ എന്നും വിശദമാക്കുമോ;

(ഡി) തദ്ദേശസ്ഥാപനങ്ങളുടെ അനുമതി വേണമെന്ന വ്യവസ്ഥ എന്നുമുതലാണ് പ്രാബല്യത്തിൽ വരുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ചാലക്കുടി എക്സൈസ് ഇൻസ്പെക്ടർ ഓഫീസിൽ സ്റ്റാഫ് നിയമനം</u>

6391

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളരെ വിസ്തൃതമായ പ്രവർത്തനമേഖലയുള്ള ചാലക്കുടി എക്സൈസ് ഇൻസ്പെക്ടർ ഓഫീസിൽ വേണ്ടത്ര സ്റ്റാഫില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വെറ്റിലപ്പാറയിലെ എക്സൈസ് ചെക്ക്പോസ്റ്റ് ഓഫീസിന് പുതിയ കെട്ടിടം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>എക്സൈസ് ഗാർഡ് റാങ്ക് ലിസ്റ്റ്</u>

6392 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഗാർഡിന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നടന്ന നിയമനത്തിന്റെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) എക്സൈസ് ഗാർഡ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിൽ സ്ഥലമാറ്റം</u>

6393 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ സ്ഥലമാറ്റങ്ങൾക്ക് ഏതെങ്കിലും മാനദണ്ഡം അനുവർത്തിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത മാനദണ്ഡം വിശദമാക്കുമോ ;

(ബി) 2012 ജൂൺ മാസത്തിൽ എക്സൈസ് വകുപ്പിന്റെകീഴിൽ ജോലി ചെയ്യുന്നവരെ സ്ഥലം മാറ്റുന്നതിന് പുറപ്പെടുവിച്ച ഉത്തരവുകൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത സ്ഥലമാറ്റ ഉത്തരവുകൾ എല്ലാം നിയമാനുസൃതവും മാനദണ്ഡത്തിലെ വ്യവസ്ഥകൾക്കനുസൃതവുമാണോ ;

(ഡി) സ്ഥലമാറ്റ ഉത്തരവുകൾ ഇ-മെയിൽ വഴി കൈമാറുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം ഏതെല്ലാം ഇ മെയിൽ വഴി എന്ന് വ്യക്തമാക്കാമോ ;

(ഇ) എക്സൈസ് സ്റ്റാഫ് അസോസിയേഷൻ തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കാനിടയായസാഹചര്യം എന്തായിരുന്നു ?